# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 -2026

## ഗവ. എൽ. പി സ്കൂൾ

## ചേനപ്പാടി

# അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണ പദ്ധതി

# 2025-2026

# 2025 ജൂൺ - 2026 മാർച്ച്

**ആമുഖം**

ഗവൺമെന്റ് എൽ പി സ്കൂൾ ചേനപ്പാടിയിൽ ചെക്ക് ലിസ്റ്റ്, പ്രീ ടെസ്റ്റ്, യൂണിറ്റ് ടെസ്റ്റുകൾ SRG ചർച്ച എന്നിവയിലൂടെ മനസിലാക്കിയ അക്കാദമിക നിലവാര വിശകലനത്തിന്റെയും അവസ്ഥ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ SRG കൂടി ആലോചിച്ച് തിരഞ്ഞെടുക്കപ്പെട്ട പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അക്കാദമിക മാസ്റ്റർ പ്ലാനിൽ നിന്നുമുള്ള പ്രവർത്തനങ്ങളിൽ പ്രസക്തമായ പ്രവർത്തനങ്ങളിൽ മുൻഗണനയും പ്രയോഗികതയും കണക്കിലെടുത്തുകൊണ്ടാണ് 2025 ജൂണിൽ തുടങ്ങി 2026 മാർച്ച് കൊണ്ട് തീരുന്നവിധത്തിൽ നിർവ്വഹണ പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഇവ സമയ ബന്ധിതമായി വിജയകരമായും പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

.

നിർവ്വഹണ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും, മോണിറ്ററിംഗ് രീതികൾ SRG യിൽ ചർച്ച ചെയ്തു നിശ്ചയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

പിന്നോക്ക നിലവാരത്തിലുള്ള കുട്ടികളെ പ്രതീക്ഷിത നിലവാരത്തിലെത്തിക്കുന്നതിനും ഉന്നതനിലവാരക്കാരെ പ്രതിഭാശാലികൾ ആക്കുന്നതിനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണ പദ്ധതി രൂപ രേഖ ലക്ഷ്യം വെയ്ക്കുന്നു.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഹിച്ചു തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത് തുടങ്ങുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.

- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപെടുന്നതിനു കുട്ടികൾക്കു അവസരം ഒരുക്കും.

- കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണപ്രക്രിയകളിലൂടെ പഠന നേട്ടങ്ങൾ കൈവരിക്കുന്നു.

- സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പപ്രശ്നങ്ങൾ പരിഹരിക്കുന്നു. രീതി വിശദീകരിക്കുന്നു.

- സ്കൂളിലെ പ്രവർത്തങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.

- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപികരണ പ്രവർത്തങ്ങൾ പഠനപ്രവത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ.

- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രപ്തരാക്കുന്ന ഭാഷ സ്വാംശീകരണത്തിനുള്ള പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ ആസൂത്രണം | മെയ് |
| 2 | മലയാള മധുരം | ജൂൺ-മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ-മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ-മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ-മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ -മാർച്ച് |
| 7 | നാട്ടുവിശേഷം കുട്ടെഴുത്ത് | ജൂലൈ -മാർച്ച് |
| 8 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും |
| 10 | ഭാഷോത്സവം | ജനുവരി |
| 11 | ഗണിത കിറ്റ്, ഗണിത മൂല | ജൂൺ-ഫെബ്രുവരി |
| 12 | സയൻസ് ഫെസ്റ്റ് | ഫെബ്രുവരി ആദ്യ വാരം |
| 13 | ഇംഗ്ലീഷ് ഫെസ്റ്റ് | ഫെബ്രുവരി രണ്ടാം വാരം |
| 14 | സ്കൂൾ തല സർഗ്ഗ വേള | ജൂൺ മുതൽ ഫെബ്രുവരി എല്ലാ വെള്ളിയാഴ്ചയും |
| | | |

# മലയാള മധുരം

1 – 4 വരെ ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK

# സംയുക്ത ഡയറി

ദൈനംദിന രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

**ലക്ഷ്യ പ്രസ്താവനകൾ**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി 1–4 ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

# സചിത്ര പുസ്തകം

2023-24 വർഷത്തിൽ 1-2 ക്ലാസിലെ എല്ലാ യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ലക്ഷ്യ പ്രസ്താവനകൾ

- 1-2 ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

**സാമ്പത്തികം**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം 1-4 ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- 1- 4 ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- 1-4 ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*

# നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് . പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :**

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ **(ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)**

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച്   കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
- 

ചുമതല : *ക്ലാസ് ടീച്ചർ , PTA , HM*

സാമ്പത്തികം : *SSK*

# ക്ലാസ് പത്രം

ഒരു പഠന തന്ത്രമാണ്
1 – 4 വരെ ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട
ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ
ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം
സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു
പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ
രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

# ഭാഷോത്സവം

1 – 4 വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

## രചനോത്സവം

വിവിധ വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ 1–4 ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് 1–4 വരെ ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

# Academic Master Plan

## ENGLISH

**Aim**

- To speak, Read & write english without any mistakes.
- Developing vocabularies and communication skil

### PRE-TEST

To check the vocabulary and writing skills of pupils.

**June.**

Aim: To check the vocabulary and writing skills of pupils.

**June & July**

Aim - To develop listening skills & Reading skills.

Listening skills ×Develop Language lab.

- Games, Riddles & Action songs.
- Hello English activities.
- Skit stories use ICT.

Speaking skills

1. Identify the naming words from the picture.
2. Identify the action words from the same picture
3. Make simple sentences using the action words and naming words about the picture.
4. make Word pyramid & Sentence pyramid.
5. Picture Reading.

- Self introduction & Conducting the assembly.

Activities : Speech, book review, quiz.

## August & September

Develop the creative Speaking and writing:

### Reading Skills:

1. News paper reading.
2. Library book reading (Reading cards.).
3. Find words.
4. Rhyming words & describing words.

### Writing skills

1. Make word web.
2. Picture description.
3. word chain, sentence chain.
4. Add more lines. 5. Write daily diary.

Activities : - Speech, Quiz riddles.
make deskription for magazine.

## October & November

To express thoughts feeling etc.

### Reading Skill.

1. News paper reading, book reading.
2. Conversation, Skit use ICT materia
3. develop stories.
4. Read notice.

Writing Skills

1. description
2. Notice.
3. Thoughts.

Activities: Speech for assembly, quiz riddles, skits.

Reading skill

1. Newspaper reading. Library book reading.
2. develop story.
3. Reads diary.
4. Reads letters.

Writing Skills


1. diary
2. letter.
3. Announcement.

December and January

1. Develop the creative speaking and writing.
2. To express thoughts feeling etc.

Reading skill

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | October നിർവ്വഹണ കാലം 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| 1 | My English world | 1. ഇംഗ്ലീഷ് അൽഫബെറ്റ് കാർഡ്സ് വിതറിയിടുക. എല്ലാവരും ഓരോ കാർഡ് എടുക്കുക. ക്ലാസിന്റെ മൂലയിൽ വെച്ചിരിക്കുന്ന 4 കാർഡ് ബോർഡ് പെട്ടിയിൽ നിന്നും ആ letter-ൽ തുടങ്ങുന്ന പരമാവധി വാക്കുകൾ collect ചെയ്ത് ഓരോരുത്തർക്കും നൽകിയിരിക്കുന്ന ചാർട്ടുകളിലൊട്ടിക്കുക. വായിക്കുക. | ✓ | | | | 1. കുട്ടികൾക്ക് ഓരോ alphabet ലും തുടങ്ങുന്ന പരമാവധി വാക്കുകൾ പരിചയപ്പെടാനാവുന്നു. |
| 2 | tune tune | Rhythmic words പരമാവധി കാർഡുകളിലെഴുതിയിടുക. ഒരു ടീമിൽ 5 കുട്ടികൾ വീതം. ഓരോ ഗ്രൂപ്പിനും 5 rhythmic | | ✓ | | | English words-ന്റെ ഉച്ചാരണം ബോധ്യപ്പെടാനാവുന്നു. |
| 3 | Rhyme Rhyme | നല്ല താളത്തിലുള്ള 4 rhymes അവതരിപ്പിക്കുന്നു. അവർ action ഓടെ അവതരിപ്പിക്കുന്നു. | | ✓ | | | Pronunciation കൂടുതൽ മെച്ചപ്പെടാൻ. |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | October<br>നിർവ്വഹണ കാലം<br>1st week | IInd week | IIIrd week | IVth week | പ്രതീക്ഷിത നേട്ടങ്ങൾ | |
|---|---|---|---|---|---|---|---|
| In my home | കുട്ടികൾ അവരുടെ വീട്ടിലുള്ള പരമാവധി സാധനങ്ങളുടെ പേരെഴുതുന്നു.<br>• ആദ്യം എല്ലാവരും വീട് വരയ്ക്കുക. വീട്ടിനകത്തുള്ളവ അകത്തെഴുതുക. പുറത്തുള്ളവ പുറത്തെഴുതുക.<br> | | | ✓ | | Vocabulary വികസിപ്പിക്കുന്നതിന്. | |
| In or out | കുട്ടികൾ 4-ാമത്തെ ക്ലാസിൽ list ചെയ്തവ വീടിനുള്ളിലാണോ പുറത്താണോ എന്നെഴുതുന്നു. Chairs are in my home. ആദ്യം teacher ഉദാഹരണങ്ങൾ നൽകണം. | | | ✓ | | ലളിതമായ വാക്യങ്ങൾ രൂപീകരിക്കുന്നു. | |
| On the way.<br>On the way. | കുട്ടികൾ സ്കൂളിലേക്ക് വരുന്ന വഴി, മറ്റ് യാത്രാവേളകളിൽ അവർ കാണുന്ന വസ്തുക്കൾ list ചെയ്യുക. 3 കുട്ടികൾ അടങ്ങുന്ന groupകൾ. | | | | ✓ | ഓരോ കുട്ടികളുടേയും vocabulary വികസിപ്പിക്കുക. പുതിയ വാക്കുകൾ കണ്ടെത്തി spelling മനസ്സിലാക്കുന്നതിനുമുള്ള ശ്രമം ഉണ്ടാവുന്നു. | |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| 7 | Watching watching | കുട്ടികൾ list ചെയ്യുന്ന വസ്തുക്കൾ എവിടെയാണ് കാണുന്നതെന്ന് English-ൽ എഴുതട്ടെ. Bus- on the road<br>Boat- in the river<br>Bridge- across the river<br>Shop- in the market<br>എന്നിങ്ങനെ. | | | | ✓ | ലളിതമായ ഇംഗ്ലീഷ് വാക്യങ്ങൾ രൂപപ്പെടുത്താൻ ശ്രമിക്കുന്നു. English വാക്യങ്ങൾ സ്വയം രൂപപ്പെടുത്താനാവുമെന്ന ആത്മവിശ്വാസം വരുന്നു. |
| 8 | "How I tell you" | ഓരോ situations class-ൽ create ചെയ്യുന്നു. കുട്ടികളുടെ ഈരണ്ടു പേരടങ്ങുന്ന group അതിനെ കുറിച്ച് സംസാരിക്കുന്നു.<br>at the market.<br>at the hospital<br>at the hotel<br>at school<br>at the dining table<br>(ഈരണ്ടു പേരടങ്ങുന്ന ഗ്രൂപ്പിന് നറുക്കുകൾ നൽകിയിട്ടുമാകാം) | November ✓ | | | | കുട്ടികളിൽ English സംഭാഷണത്തിൽ താൽപര്യം വരുന്നു. |
| 9 | 'Story time' | Picture കാർഡുകൾ പരിചയപ്പെടുത്തുന്നു. അതിൽ നിന്നു കഥകൾ രൂപപ്പെടുത്തുന്നു. | | ✓ | ✓ | | English Senten |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന വിവരണം | വിലയിരുത്തൽ [illegible] | | | | ഉൽപ്പന്നങ്ങൾ |
|---|---|---|---|---|---|---|---|
| | | | [illegible] | [illegible] | [illegible] | [illegible] | |
| 10 | 'my story book' | കുട്ടികൾ ഒരു [illegible] കഥകൾ [illegible] 'story book' കൾ ഉണ്ടാക്കുന്നു. | | | | ✓ | സ്വന്തമായി കഥകൾ [illegible] കുട്ടികളുടെ [illegible] ഉണ്ടാകുന്നു. |
| | | | December | | | | |
| 11 | How beautiful | Picture card കൾ നൽകി. ചെറു കുറിപ്പുകൾ തയ്യാറാക്കുന്നു.<br>1. കടൽത്തീരത്തിന്റെ ചിത്രം<br>2. പൂന്തോട്ട ചിത്രം<br>3. ഒരു Junction-ന്റെ ചിത്രം.<br>4. Hospital 5. Village. | ✓ | ✓ | | | Port folio യിലേക്ക് ചിത്രക്കുറിപ്പുകൾ ലഭ്യമാകുന്നു. |
| | | | January | | | | |
| 12 | Jumbo Card | ചിത്രങ്ങളും അവയെക്കുറിച്ചുള്ള വാക്യങ്ങളും ഉൾപ്പെടുത്തിയ കാർഡുകൾ 2 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് നൽകുന്നു. അവയിലെ ചില വാക്കുകൾ വിട്ടുപോയിട്ടുണ്ടാകാം. ഒപ്പം കാർഡിലെ വിട്ടുപോയ വാക്കുകൾ ഇടകലർത്തി [illegible] കുട്ടികൾ അവയിൽ നിന്നും കണ്ടെത്തി എഴുതി. [illegible] group-ന് Prize. | ✓ | ✓ | | | വാക്യങ്ങളിൽ അനുയോജ്യമായ വാക്കുകളും preposition ഉം കണ്ടെത്താൻ കഴിവുണ്ടാകുന്നു. |

| | | |
|---|---|---|
| Role play. | 13. കുട്ടികൾ ക്ലാസ്സിൽ നിത്യജീവിതത്തിലെ സംഭാഷണം അഭിനയിക്കുന്നു. സന്ദർഭാനുസരണം കൂട്ടിച്ചേർത്ത് | January I, II, III ✓, IV ✓ |
| കൊറിയോഗ്രഫി. | 14. English Action Song-കൾ പഠിപ്പിക്കുന്നു. കുട്ടികൾ group-ആയി കൊറിയോഗ്രഫി ചെയ്യുന്നു. അവതരിപ്പിക്കുന്നു. | February I ✓, II ✓, III, IV |
| ഒരുക്കം. | 15. കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച്. ഓരോ ഗ്രൂപ്പും English fest-ലേക്ക് വേണ്ട ഉൽപന്നങ്ങൾ തയ്യാറാക്കുന്നു. റിഹേഴ്സൽ നടത്തുന്നു. | ✓ ✓ ✓ |
| 'English fest' | 16. പൊതുജനത്തിന്റെ മുന്നിലും PTA-യുടെ മുന്നിലും 'English fest' അവതരണം.. | MARCH I ✓, II, III, IV |

# പരിസരപഠനം

**<u>ലക്ഷ്യം</u>**

- കുട്ടികളിൽ നിരീക്ഷണ പാടവം വളർത്തുന്നതിനുള്ള ശേഷി വികസിപ്പിക്കുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപെടുന്നതിനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.
- ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- റോഡ് സുരക്ഷയെ കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുക.
- നമ്മുടെ ഭക്ഷണത്തിൽ പോഷക മൂല്യങ്ങൾ ഉൾപെടുത്തുന്നതിനുള്ള ധാരണ വളർത്തുക.
- ചുറ്റുപാടുമുള്ള ജീവ ജാലങ്ങളെക്കുറിച്ചും അവയുടെ ആവാസ വ്യവസ്ഥയെ കുറിച്ചും തിരിച്ചറിവുണ്ടാക്കുക.
- വ്യക്തി / പരിസര ശുചിത്വം പ്രാവർത്തികമാക്കുക.

## പ്രവർത്തനങ്ങൾ

- ഫീൽഡ് ട്രിപ്പ്

  പച്ചക്കറി/ ഔഷധ/ പൂന്തോട്ടം നിർമ്മാണം, വിപുലീകരിക്കൽ.
- സയൻസ് ലാബ്

  മോഡലുകൾ നിർമ്മാണം

  ശേഖരണം

  ആൽബം
- ഡ്രൈ ഡേ ആചരിക്കൽ
- ക്യാമ്പുകൾ സംഘടിപ്പിക്കൽ
- ജലസ്രോതസുകൾ സന്ദർശനം/ ശുചീകരണം
- ഭക്ഷണ ആരോഗ്യ ചാർട്ട്
- ബോധവൽക്കരണ ക്ലാസ്സുകൾ

വിഭാഗം : എൽ.പി (2,3,4 ക്ലാസുകൾ)

വിഷയം : ജൈവവൈവിധ്യ ഉദ്യാനം. [പരിസരപഠനം]

അവസ്ഥാ വിശകലനം: ജൈവവൈവിധ്യമാണ് ഭൂമിയുടെ നിലനിൽപ്പിനാധാരമെന്ന തിരിച്ചറിവ് കുട്ടികൾക്കില്ല. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിലുള്ള വിമുഖത.

മേഖല : നിരീക്ഷണം, പ്രായോഗികത.

പ്രവർത്തന പരിപാടിയുടെ പേര് : 'ഞാനും ഹരിതസേനയിലേക്ക്'

പ്രതീക്ഷിത നേട്ടങ്ങൾ: വിദ്യാർത്ഥികളെയും അവർക്കുചുറ്റുമുള്ള പ്രകൃതിയെയും ഗാഢമായി ബന്ധിപ്പിക്കുന്ന ഹരിതസൗഹൃദമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

| ക്രമ നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം October | | | | പ്രതീക്ഷിത നേട്ടങ്ങൾ | ചുമതല സാമ്പത്തികം. |
|---|---|---|---|---|---|---|---|---|
| | | | I week | II week | III week | IV week | | |
| | വിസ്മയ ലോകം | ചുറ്റുപാടുമുള്ള എല്ലാ സസ്യങ്ങളുടെയും പേര് ലിസ്റ്റ് ചെയ്യുക.<br>• കുട്ടികൾക്ക് പരിസര നിരീക്ഷിക്കാനുള്ള അവസരം നൽകുന്നു.<br>• വീട്ടിലുള്ളതും പോകുന്ന വഴിക്കുള്ളതും മറ്റുള്ളവരോട് ചോദിച്ചും പരമാവധി സസ്യങ്ങളെ പട്ടിക | | | ✓ | | സസ്യങ്ങളെ നിരീക്ഷിക്കാനും അടുത്തറിയാനുമവസരം കിട്ടുന്നു | സയൻസ് ക്ലബ് കൺവീനർ |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നടപ്പിലാക്കുന്ന കാലം<br>1st week | IInd week | IIIrd week | IVth week | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | പ്പെടുത്തുക (ICT- സാധ്യതകൾ ഉപയോഗിച്ചും ചിത്രപ്രദർശനം നടത്തിയും കൂടുതൽ സസ്യങ്ങൾ list ചെയ്യുന്നു). | | | | | |
| 2 | My animal world | ചുറ്റുപാടുമുള്ളതും കുട്ടികൾക്കറിയാവുന്നതുമായ എല്ലാ ജീവികളെയും പട്ടികപ്പെടുത്താനവസരം നൽകുന്നു. ചാർട്ട്, ICT, book കൾ എന്നിവ ഉപയോഗിച്ച് പരമാവധി ജീവികളെയും list ചെയ്യുന്നു. സൂക്ഷ്മ ജീവികൾ മുതൽ ഭീമാകാരൻമാരായ ജീവികളെ വരെ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു. | | | | ✓ | ചുറ്റുപാടുമുള്ള ജീവികളെ തിരിച്ചറിയുവാനും അവയെക്കുറിച്ച് കൂടുതൽ പഠിക്കുവാനും കഴിയുന്നു. |
| 3 | ജീവികൾ കൂട്ടുകാർ | ഓരോ ജീവികളും അവയുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടുന്ന സസ്യങ്ങളെയും ശൃംഖലയായി വരച്ചു ചേർക്കട്ടെ. ഭക്ഷ്യശൃംഖലയും ഇതിലേക്ക് കടന്നു വരാവുന്നതാണ്. ആട് - പ്ലാവ് - പുല്ല് കോഴി - നെല്ല് - ഗോതമ്പ് പാമ്പ് - തവള - പുൽച്ചാടി - പുല്ല് സിംഹം - മാൻ - പുല്ല് എന്നിങ്ങനെ | November<br>✓ | | | | ജീവികളും സസ്യങ്ങളും തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയുന്നു. |

| ക്ര. നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം 10 Nov. 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടം |
|---|---|---|---|---|---|---|---|
| 4 | തണ്ടിനുണ്ടൊരു കഥ പറയാൻ | പലതരം ചെടികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. അവയുടെ തണ്ടിന്റെ പ്രത്യേകതകൾ കുട്ടികൾ പറയുന്നു. അവ പ്രത്യേകം പ്രത്യേകം ലിസ്റ്റ് ചെയ്യുന്നു. അതിൽ നിന്നും 1. മരങ്ങൾ 2. കുറ്റിച്ചെടികൾ 3. ഔഷധികൾ. 4. വള്ളിച്ചെടികൾ എന്നിങ്ങനെ നാലു മേഖലകളിലായി പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ list ചെയ്യുന്നു. | | ✓ | | | സസ്യങ്ങൾ വിവിധ തരമുണ്ടെന്നു ബോധ്യപ്പെടാനും അവയുടെ പ്രത്യേകതകൾ തിരിച്ചറിയാനും കഴിവുണ്ടാകുന്നു. |
| 5 | വേരേ നീയാണ് കേമൻ | ICT, ചിത്രങ്ങൾ, വ്യത്യസ്ത ചെടികളുടെ പ്രദർശനം എന്നിവയിലൂടെ വിവിധതരം വേരുകൾ പരിചയപ്പെടുന്നു. • വേര് മുറിച്ച ഒരു ചെടിയും, വേരുള്ള ഒരു ചെടിയും ഒരു ട്രേയിലെ മണ്ണിൽ നട്ടുകാണിക്കുന്നു • കുട്ടികളെക്കൊണ്ട് ചെടി പറിപ്പിക്കുന്നു. | | | ✓ | | |
| 6 | experiment corner | • വേരുകൾ ചെടിയെ മണ്ണിലുറപ്പിച്ചു നിർത്തുന്നു. • വെള്ളവും വളവും വലിച്ചെടുക്കുന്നു. • മണ്ണൊലിപ്പ് തടയുന്നു • വെള്ളം തടഞ്ഞു നിർത്തി മണ്ണിലേക്കിറങ്ങുന്നു തുടങ്ങിയവ കുട്ടി | | | ✓ | ✓ | ചെടികളും വനങ്ങളും മലകളും സംരക്ഷിക്കേണ്ടതിന്റെ അവശ്യകത കുട്ടികളിൽ രൂപപ്പെടുന്നു. |

| ക്രമ നം | പാഠത്തിന്റെ പേര് | പ്രവർത്തനങ്ങൾ | നിർവഹണ സമയം June to Dec 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടം |
|---|---|---|---|---|---|---|---|
| | | തന്റെ ചെറുപ്പത്തിലെ ഓർമ്മ നാലി. school compound ൽ ഒരു ക്യാമ്പിൽ ചെ ന്നെത്തുന്നു. അവി ടെ കുട്ടികളും മുതിർ ന്നവരും സ്ത്രീകളും ഉണ്ടാകുന്നു. ഒരുമയു ടെയും സന്തോഷത്തി ന്റെയും 2 ദിനം വെള്ള ത്തിലൂടെ. ഓണവും ആഘോഷങ്ങൾ നിറഞ്ഞ നാളുകൾ. ബാല്യങ്ങൾ പുതി യ ഓർമ്മപ്പെടുത്തലുകൾ. | | | | | |
| 7 | 'Flood Flood go away' | പ്രളയം, കൊറോണ വരെ കേരളത്തിൽ ഉണ്ടായ വെള്ള പ്പൊക്കത്തിന്റെ ചിത്ര ങ്ങളും വാർത്തകളും ഉൾപ്പെടുത്തിയ ഫോട്ടോ ഗാലറി. വിദ്യാർത്ഥികൾ തയ്യാറാക്കിയ പോസ്റ്ററുക ളുമായി ചർച്ചകൾ നട ത്തുന്നു. വെള്ളപ്പൊക്കം മൂലമുണ്ടാ യ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നു.<br>* അനുഭവങ്ങൾ പങ്കു വെക്കാനവസരം നൽകുന്നു<br>* പ്രകൃതിയിലുണ്ടായ മാറ്റ ങ്ങളും ചർച്ചചെയ്യു ന്നു. | ✓ | | | ✓ | വെള്ളപ്പൊക്കവും വനങ്ങളുടെ നശീകര ണവും പുഴ കളുടെ നാശവും വഴിത്തിരി വിലേക്കുള്ള പ്രതിരോ ധിക്കാൻ സ ജ്ജരാക്കുന്നു. |
| 8 | Revival | ഇനിയൊരു വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കാൻ നമ്മൾ എന്തൊക്കെ ചെയ്യ ണം എന്ന് ചർച്ച ചെയ്യുന്നു.<br>* വിദ്യാർത്ഥികൾ | ✓ | 1/ | | ✓ | പ്രകൃതി സംരക്ഷണ അവബോധം വളർത്തി അവശ്യ ങ്ങളും ത |

| ക്രമ നം | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലം 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | • ചിത്രങ്ങൾ<br>• ചാർട്ടുകൾ എന്നിവ ഇതിനായി ഉപയോഗപ്പെടുത്താം.<br>• ഉദാഹരണങ്ങൾ പട്ടികപ്പെടുത്തുക.<br>• കുറിപ്പായി രൂപപ്പെടുത്തുക. | | | | | നമുക്കുള്ളതാണെന്ന തിരിച്ചറിവുണ്ടാകുന്നു.<br>പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. |
| | വേരുകൾ പലതരം | വേരുകളുടെയും സസ്യങ്ങളുടെയും പ്രദർശനം ക്ലാസിലൊരുക്കുന്നു. ഓരോ തരം വേരുകളുടെയും പ്രത്യേകതകൾ 5 പേരടങ്ങുന്ന ഗ്രൂപ്പ് കണ്ടെത്തുന്നു.<br>• വേരുകളുടെ പ്രത്യേകതകൾ അനുസരിച്ച് ഇവ പോലുള്ള ചെടികൾ തരംതിരിക്കുന്നു.<br>• തായ്‌വേരുപടലം<br>• നാരുവേരുപടലം<br>• പറ്റുവേരുകൾ<br>• താങ്ങുവേരുകൾ<br>• പൊയ്ക്കാൽ വേരുകൾ<br>• ഭൂകാണ്ഡങ്ങൾ<br>• ഭക്ഷണം വേരിൽ സംഭരിക്കുന്നവ - എന്നിവ തരം തിരിച്ചറിയുന്നു.<br>ICT, ചാർട്ടുകൾ എന്നിവ ഉപയോഗിച്ച് കൂടുതൽ വ്യക്തത വരുത്തുന്നു. | ✓ | | | ✓ | ഓരോ ചെടികളുടേയും ഇലകൾ ശ്രദ്ധിച്ചാൽ ഏതു തരം വേരാണവയ്ക്കുള്ളതെന്ന് തിരിച്ചറിയാനാവുന്നു.<br>• വ്യത്യസ്ത തരം വേരുകൾക്ക് വ്യത്യസ്തമായ ധർമ്മങ്ങളുണ്ടെന്നു മനസ്സിലാക്കുന്നു.<br>• ജൈവവൈവിധ്യ ഉദ്യാന സംരക്ഷണ |
| | 'സസ്യവൈവിധ്യം' | നാം നിത്യജീവിതത്തിലുപയോഗിക്കുന്നതും അപ്രധാനമായ സ | December ✓ | | | | വിവിധങ്ങളായ ആഹാരക്രമത്തിന് സ |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം 1st week | 2nd week | 3rd week | 4th week | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | സസ്യങ്ങളെ കണ്ടെത്തി. ധാന്യവിളകൾ, നാണ്യവിളകൾ · എണ്ണക്കുരുക്കൾ · പയർ വർഗ്ഗങ്ങൾ · കിഴങ്ങ് വർഗ്ഗങ്ങൾ · പഴ വർഗ്ഗങ്ങൾ · പച്ചക്കറികൾ... · ഇലക്കറികൾ · ജലസസ്യങ്ങൾ · ഔഷധ സസ്യങ്ങൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക. | | | | | സസ്യങ്ങളെ വേർതിരിക്കുന്നതിന് സസ്യലോകത്തെ തിരിച്ചറിവ്. |
| 11 | എന്റെ ആൽബം | വിവിധ തരം സസ്യങ്ങളുടെ ഇലകൾ തരംതിരിച്ചൊട്ടിച്ച് ഒരു ഹെർബേറിയം തയ്യാറാക്കുക. | ✓ | | | | സസ്യലോകത്തെ കൂടുതൽ പരിചയപ്പെടാനവസരം നൽ... |
| 12. | Seeds & Buds | നമ്മുടെ ഉദ്യാനത്തിലേക്ക് പുതിയ ചെടികൾ നടേണ്ടേ. എങ്ങനെയെല്ലാമാണ് അവ ഉണ്ടാകുന്നത്. 'വിത്തുകളും കമ്പുകളും' ക്ലാസിൽ പ്രദർശിപ്പിക്കാം. പയർ, വെണ്ട, മുതലായവ ഉണങ്ങി വിത്തുകളുണ്ടാകുന്നതിനു മുമ്പുള്ളവ കാണിക്കാം. * ICT സാധ്യതയും ഉപയോഗപ്പെടുത്താം. | January ✓ | | | | വിത്തുവിതരണ രീതികൾ മനസ്സിലാക്കാൻ സാധിക്കുന്നു. · ശലഭപാർക്കിന്റെ നിർമാണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. ശലഭപാർക്ക് നവീകരണ പ്രവർത്തനങ്ങളിലേർപ്പെടുന്നു. |

| | | ജനുവരി I | II | III | IV |
|---|---|---|---|---|---|
| | Project<br>വിത്തുവിതരണം<br>* ജന്തുക്കൾ മുഖേന<br>* കാറ്റ് വഴി<br>* ജലം വഴി<br>* പൊട്ടിത്തെറിച്ച്<br>എന്നിവ കുട്ടികൾക്ക് ബോധ്യപ്പെടുകയും കുട്ടികൾ അവ പട്ടികപ്പെടുത്തുകയും ചെയ്യണം | | | | |
| ഹരിത സേന | • ഞാനും ഹരിത സേനയും എന്ന് പ്രവർത്തനത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചവരെ 'ഹരിത സേന' അംഗങ്ങളായി തെരഞ്ഞെടുക്കുന്നു | | ✓ | | |